വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ

10 (*250) ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഇതിനായി മറ്റ് സംസ്ഥാനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ദേശീയതല ഏജൻസി പഠനം നടത്തിയിരുന്നുവോ ;

(സി) ഇത്തരം പഠനത്തിലൂടെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരത്തെക്കുറിച്ച് എന്തൊക്കെ നിരീക്ഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത രംഗത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' (Quality Education Pupil Right) എന്ന പൊതു അജണ്ടക്കു കീഴിൽ പാഠപുസ്തക പരിഷ്ക്കരണം, മൂല്യ നിർണ്ണയ പരിഷ്ക്കാരം, അധ്യാപക പരിശീലനം, സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ്, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ, തെളിമ, മണ്ണെഴുത്ത് എന്നീ പരിപാടികൾ, എഴുത്തുകൂട്ടം, വായനക്കൂട്ടം എന്നിങ്ങനെയുള്ള പദ്ധതികൾ, QIP യുടെ നേതൃത്വത്തിൽ D+ ഇല്ലാത്ത സ്കൂൾ എന്ന പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്.

ഇതുകൂടാതെ എസ്. എസ്. എ. താഴെപ്പറയുന്ന പരിപാടികളും നടപ്പാക്കിവരുന്നു :

- ഐ.സി.ടി. അധിഷ്ഠിത അദ്ധ്യാപക പരിശീലനം
- ഇംഗ്ലീഷ് ഭാഷാപഠനത്തിനുള്ള പ്രത്യേക പാക്കേജുകൾ
- നിരന്തരവിലയിരുത്തൽ പ്രക്രിയ
- പെൺകുട്ടികളുടെ വിദ്യാഭ്യാസ ശാക്തീകരണം
- പഠനവീട്

LIBRARY ARCHIVES Kerala Legislative Assembly

- മൈനോറിറ്റി, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- എം.ജി.എൽ.സി. കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട പഠനാനുഭവം നൽകൽ.
- പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ

കൂടാതെ, സംസ്ഥാനത്തെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ പൊതു വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും അവധിക്കാലത്ത് പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പരിശീലനം പ്രധാനമായും പാഠപുസ്തകങ്ങളെ, പ്രത്യേകിച്ച് മാറിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയാണ് നൽകിവരുന്നത്. ഇതിന് പുറമേ കൃത്യമായ ഇടവേളകളിൽ ശനിയാഴ്ച ദിവസങ്ങളിൽ തുടർപരിശീലനവും (ക്ലസ്റ്റർ) നൽകിവരുന്നുണ്ട്. ഏറ്റവും പിന്നോക്കം നിന്നിരുന്ന തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ തീവ്രകർമ്മപരിപാടി (QEPR) നടപ്പിലാക്കി. തൽസമയ അദ്ധ്യാപക സഹായം (OSS) കൊടുക്കുന്നത് സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി. പിന്നോക്കമുള്ള തെരഞ്ഞെടുത്ത സ്കൂളുകളിൽ, ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ഇതുപോലുള്ള പഠന സഹായികൾ മറ്റ് സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നൽകി.

(ബി) നടത്തിയിരുന്നു.

(സി) ഈ പഠനങ്ങൾ പ്രധാനമായും മാതൃഭാഷാ പഠനനിലവാരം, ഗണിത ശേഷി ഇവ മുൻനിർത്തിയാണ് നടന്നത്. ഇതിൽ കേരളത്തിലെ കുട്ടികൾ മുന്നിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പാഠ്യപദ്ധതി മാറ്റവും, പുതിയ പാഠപുസ്തകങ്ങളും പഠനപ്രക്രിയയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഭാഷാ പ്രാവീണ്യം, സർഗ്ഗാത്മക രചന, ഭാഷാപ്രയോഗം എന്നിവയിൽ കുട്ടികൾ മികവു പുലർത്തുന്നു. ഗണിതത്തിൽ ഗണിതക്രിയകൾ, പ്രോബ്ലം സോൾവിംഗ് എന്നിവയിൽ കേരളത്തിലെ കുട്ടികൾ മുന്നിലാണ്. ലോജിക്കൽ റീസണിംഗ് എന്ന മേഖലയിൽ കുറേക്കൂടി മുന്നോട്ട് വരാനുണ്ട്.

(ഡി) പഠനഫലങ്ങളും, സർവ്വേ റിപ്പോർട്ടുകളും വിശദമായി ചർച്ച ചെയ്യുന്നതിന് എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ കരിക്കുലം കമ്മിറ്റി അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു ശിൽപ്പശാല നടത്തി. അന്ന് എത്തിച്ചേർന്ന പൊതുധാരണകൾക്കനുസൃതമായി ശാസ്ത്രം, ഗണിതം, ഭാഷാപഠനം ഇവയിൽ സവിശേഷമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗണിതപഠനം സംബന്ധിച്ച് കരടു നിർദ്ദേശങ്ങൾ രൂപപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

യു.പി. തലത്തിൽ ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിലും ഗണിതം, സാമൂഹ്യ ശാസ്ത്രം, സയൻസ് വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളും, എൽ.പി. തലത്തിൽ ഗണിതം, ഇംഗ്ലീഷ് മലയാളം എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികളും നടപ്പാക്കിവരുന്നു.

കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

11 (*251) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കമ്പനിയുടെ വികസന- വിപുലീകരണ-വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പുതുതായി എന്തെല്ലാം നവീകരണ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ഡി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കെൽട്രോണിന് കൂടുതൽ ഓർഡറുകൾ നേടിയെടുക്കുന്നതിന് കഴിയുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(എഫ്) കമ്പനിയുടെ ഇപ്പോഴത്തെ വിറ്റുവരവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൺസോർഷ്യം ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനുണ്ടായിരുന്ന 307.03 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 57.85 കോടി രൂപ നൽകി തീർപ്പാക്കി. കെൽട്രോണിൽ 'സ്വയം വിരമിക്കൽ പദ്ധതി' നടപ്പാക്കാനായി KIRF Board-ൽനിന്ന് വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും വായ്പയെടുത്ത തുകയിൽ 5 കോടി രൂപ KIRF Board-ൽ തിരിച്ചടയ്ക്കുകയും ചെയ്തു. സർക്കാർ ലോണിന്റെ പലിശ 5 വർഷത്തേക്ക് മരവിപ്പിച്ചു. 11.8 കോടി രൂപ share pending allotment ആക്കി മാറ്റി. കെൽട്രോണിന്റെ കണ്ണൂരിലുള്ള നാല് യൂണിറ്റുകൾ ലയിപ്പിച്ച് ഒന്നാക്കി.

LIBRARY ARCHIVES Kerala Legislative Assembly